സ്വാമി ശരണം

# തിരുവിതാംകൂർ ദേവസ്വം ബോർഡ്

ഫോൺ നം: 0471 2317983 ഫാക്സ് : 0471 2310192 ഇ-മെയിൽ : secretarytdbtvm@gmail.com

ദേവസ്വം ബോർഡ് ആഫീസ്
തിരുവനന്തപുരം

ROC No. 977/18/Est-1

09/02/2018

എല്ലാ ഡിപ്പാർട്ട്മെന്റ് മേധാവികൾക്കും,
അസിസ്റ്റന്റ് ദേവസ്വം കമ്മീഷണർമാർക്കും

വിഷയം :- തിരുവിതാംകൂർ ദേവസ്വം ബോർഡ് - വരുമാനം വർദ്ധിപ്പിക്കുന്നതിനും വരുമാന ചോർച്ച തടയുന്നതിനുമുള്ള നിർദ്ദേശങ്ങൾ- കോൺഫറൻസ് സംബന്ധിച്ച്.

സൂചന :- ദേവസ്വം അക്കൗണ്ട്സ് ആഫീസറുടെ 25-01-2018 ലെ DA 28/18/E-1 നമ്പർ റിപ്പോർട്ട്.

തിരുവിതാംകൂർ ദേവസ്വം ബോർഡിന്റെ വരുമാനം വർദ്ധിപ്പിക്കുന്നതിനും വരുമാന ചോർച്ച തടയുന്നതിനും ചുവടെ വിവരിക്കുന്ന വിഷയങ്ങൾ ഉൾക്കൊള്ളിച്ചുകൊണ്ട് 07-03-2018 –ൽ 10 am ന് ഒരു യോഗം കൂടുന്നതിന് ബോർഡ് തീരുമാനിച്ചിട്ടുള്ളതാകുന്നു. ചുവടെ സൂചിപ്പിച്ചിട്ടുള്ള വിഷയം സംബന്ധിച്ച് വ്യക്തമായ ശുപാർശ 28-02-2018 ൽ ഹാജരാക്കേണ്ടതാണ്.

(i) കാണിക്ക വഞ്ചി സപ്ലൈ ചെയ്യേണ്ട സംഗതി.

(ii) ദേവസ്വം വസ്തുക്കളിലെ പാകമായ തേക്കുമരങ്ങളുടെ ലേലം - പുതിയ മരങ്ങൾ നട്ടുപിടിപ്പിക്കൽ

(iii) ദേവസ്വത്തിലെ ഉപയോഗ യോഗ്യമല്ലാത്തതും കണക്കിൽപ്പെടാത്തതുമായ വിളക്കുകളും പാത്രങ്ങളും ലേലം ചെയ്യൽ

(iv) ഉദ്യോഗസ്ഥരുടെ സാന്നിദ്ധ്യം ദേവസ്വത്തിൽ ഉറപ്പാക്കുന്നതിനുള്ള നടപടി സ്വീകരിക്കൽ

(v) വിവാഹ മണ്ഡപങ്ങൾ, കടമുറികൾ എന്നിവയുടെ നിർമ്മാണം - സാദ്ധ്യതാ പഠനം നടത്തേണ്ട സംഗതി

(vi) അനിവാര്യമല്ലാത്ത തസ്തികകൾ നിർത്തൽ ചെയ്യലും ജീവനക്കാരുടെ പുനർവിന്യാസവും

(vii) പരിശോധന വിഭാഗങ്ങളുടെ പ്രവർത്തനം കൂടുതൽ കാര്യക്ഷമമാക്കേണ്ടതിന്റെ ആവശ്യകത

(viii) വഴിപാട് പരിഷ്ക്കരണം - അപാകതകൾ പരിഹരിക്കേണ്ട സംഗതി

(ix) ഡിപ്പാർട്ട്മെന്റ് വാഹനങ്ങളുടെ ഉപയോഗം

(x) ഭക്തരോടുള്ള സമീപനത്തിൽ ഉണ്ടാകേണ്ട മാറ്റം

(xi) വൈദ്യുതി ഉപയോഗം കുറക്കേണ്ട സംഗതി

(xii) കൊടിമരം തുടങ്ങിയവ സ്വർണ്ണം പൂശൽ

(മറുപുറം)

(xiii) ക്ഷേത്ര വികസന ഫണ്ട് രൂപീകരണം

(xiv) സ്ട്രോംഗ്റൂമുകളിൽ സൂക്ഷിച്ചിട്ടുള്ള തിരുവാഭരണങ്ങളുടെ വ്യക്തമായ കണക്കെടുപ്പ്

ആകയാൽ ബോർഡ് ആഫീസിൽ വച്ച് ടി തീയതിയിൽ ടി സമയം നടക്കുന്ന പ്രസ്തുത യോഗത്തിൽ തിരുവിതാംകൂർ ദേവസ്വം ബോർഡിലെ എല്ലാ ഡിപ്പാർട്ട്മെന്റ് മേധാവികളും എല്ലാ അസിസ്റ്റന്റ് ദേവസ്വം കമ്മീഷണർമാരും പങ്കെടുക്കേണ്ടതാണെന്ന് ഉത്തരവാകുന്നു.

വിശ്വസ്തതയോടെ

S/-

സെക്രട്ടറി

SK